LIBRARY ARCHIVES Kerala Legislative Assembly

വൃക്കരോഗികളുടെ ചികിത്സ സൗകര്യം

206 (4931) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധമായ വിശദപഠനം നടത്തി കാരണം കണ്ടെത്തി ആരോഗ്യരംഗത്ത് അവബോധം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൃക്ക രോഗത്തിന് കാരണമായ പ്രമേഹം, രക്താതി സമ്മർദ്ദം മുതലായ രോഗങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്. ഈ രോഗം വർദ്ധിക്കുന്നതിന് കാരണമായിട്ടുള്ള ജീവിതചര്യയിലെ മാറ്റങ്ങളെക്കുറിച്ച് വിവിധ പഠനങ്ങൾ ആരോഗ്യ വകുപ്പ് നടത്തിയിട്ടുണ്ട്. അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സ്റ്റഡീസുമായി ചേർന്നുകൊണ്ടും ആരോഗ്യ വകുപ്പ് നടത്തിയ കിരൺ സർവ്വേയിലൂടെ ജനങ്ങളുടെ ജീവിതചര്യയിൽ വന്ന മാറ്റങ്ങളെക്കുറിച്ച് വിശദമായി അവലോകനം ചെയ്തിട്ടുണ്ട്.

(ബി) വൃക്കരോഗം നേരത്തെ കണ്ടുപിടിച്ച് ആവശ്യമായ ചികിത്സ നൽകുന്നതിനുള്ള സൗകര്യം എല്ലാ മെഡിക്കൽ കോളേജുകളിലും ഏർപ്പെടുത്തുമോ?

പ്രാരംഭ ഘട്ടത്തിൽ തന്നെ വൃക്ക രോഗ നിർണ്ണയം നടത്തി ആവശ്യമായ ചികിത്സ നൽകുന്നതിനുള്ള സൗകര്യം എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ലഭ്യമാണ്.

(സി) നെഫ്രോളജിസ്റ്റുകളുടെ സേവനങ്ങൾ എല്ലാ പ്രധാന ആശുപത്രികളിലും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

എല്ലാ പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളിലും നെഫ്രോളജിസ്റ്റിന്റെ സേവനം ലഭ്യമാണ്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ നെഫ്രോളജി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർ മെഡിക്കൽ കോളേജിലെ നെഫ്രോളജി വിഭാഗത്തിൽ അസ്സോസിയേറ്റ് പ്രൊഫസറുടെ ഒരു തസ്തിക സൃഷ്ടിക്കുകയും നിയമനം നടത്തുന്നതിന് നടപടികൾ തുടർന്നുവരികയുമാണ്. ആരോഗ്യ വകുപ്പിന് കീഴിൽ നെഫ്രോളജിസ്റ്റുകളുടെ ദൗർലഭ്യം നിലവിലുണ്ടെങ്കിലും നിലവിലുള്ള നെഫ്രോളജിസ്റ്റുകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി വൃക്ക രോഗ ചികിത്സ നടപ്പാക്കിവരുന്നു.

(ഡി) വൃക്ക മാറ്റിവച്ചവർക്കും ഡയാലിസിസിന് വിധേയമാകുന്നവർക്കും തുടർച്ചയായി മരുന്ന് കഴിക്കേണ്ടതുകൊണ്ട് ഇവർക്ക് പ്രത്യേക ധനസഹായ പദ്ധതികൾ ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി പ്രധാന സർക്കാർ ആശുപത്രി കളിൽ ഡയാലിസിസ് സൗജന്യമായി ചെയ്യു കൊടുക്കുന്നുണ്ട്. കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് സൗജന്യമായി ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ആരോഗ്യ കേരളം പാലിയേറ്റിവ് കെയർ പ്രൊജക്ട് പദ്ധതി പ്രകാരം വൃക്ക രോഗികൾക്ക് വേണ്ട എറിത്രോപോയിറ്റിൻ ഇൻജെക്ഷൻ സൗജന്യമായി നൽകുന്നുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് വഴി സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകരിക്കുന്ന സ്വകാര്യ ആശുപത്രികളിലും അവയവ മാറ്റ ശാസ്ത്രക്രിയയ്ക്കും ധനസഹായം നൽകുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി 5 ലക്ഷംരൂപ വരെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ലഭിക്കുന്നതാണ്. വൃക്ക് മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1,600 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ് 5 വർഷം വരെയാണ് ധനസഹായം നൽകുന്നത് രോഗിയെ പരിചരിക്കുന്നവർക്ക് 1,000 രൂപ പെൻഷൻ നൽകുന്നുണ്ട്. ഇത് ഡയാലിസിസ് രോഗികൾക്കും ലഭ്യമാണ്. അവയവ മാറ്റ ശാസ്ത്രക്രിയനടത്തി ആറ് മാസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായവും ലഭ്യമാണ്. വൃക്ക മാറ്റി വച്ചവർക്കും ഡയാലിസിന് വിധേയമാകു ന്നവർക്കും ആരോഗ്യ വകുപ്പിൽ നിന്നും നിലവിൽ Society for medical assistance to poor എന്ന പദ്ധതി മുഖേന, സൊസൈറ്റി അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ ഒറ്റത്തവണ ധനസഹായമായി നൽകിവരുന്നു.

അവയവമാറ്റ ശസ്ത്രക്രിയ

207 (4932) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ക, കരൾ എന്നീ അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയമായിട്ടുള്ളവർക്ക് തുടർചികിത്സയ്ക്കായി എന്തെല്ലാം തരത്തിലുള്ള സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ; ഈ സഹായങ്ങൾക്ക് അപേക്ഷിക്കേണ്ട രീതി എന്താണെന്ന് വ്യക്തമാക്കാമോ ?

കാരുണ്യ ബെനവലന്റ് ഫണ്ട് വഴി സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകരിക്കുന്ന സ്വകാര്യ ആശുപത്രികളിലും അവയവമാറ്റ ശസ്ത്രക്രിയയ്ക്കും അനുബന്ധ ചികിത്സയ്ക്കും 3 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. വൃക്ക/കരൾ മാറ്റി വെക്കൽ ശസ്ത്രക്രിയയ്ക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി 5 ലക്ഷം രൂപ